<u>എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കുന്നതിന്</u>

**കേരള കലാമണ്ഡലം കല്പിത സർവകലാശാല**

വള്ളത്തോൾ നഗർ

**ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശന വിജ്ഞാപനം**

---

നമ്പർ:കെ.കെ.എം.ഡി.യു./ഇ- 2/1491/2018 തിയതി : 30/05/2018

---

കേരള കലാമണ്ഡലം കല്പിത സർവകലാശാലയിൽ താഴെപ്പറയുന്ന ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു.

1. **കഥകളി വേഷം വടക്കൻ** *(ആൺകുട്ടികൾക്ക് )*
2. **കഥകളി വേഷം തെക്കൻ** *(ആൺകുട്ടികൾക്ക് )*
3. **കഥകളി സംഗീതം** *(ആൺകുട്ടികൾക്ക് )*
4. **കഥകളി ചെണ്ട** *(ആൺകുട്ടികൾക്ക് )*
5. **കഥകളി മദ്ദളം** *(ആൺകുട്ടികൾക്ക് )*
6. **കഥകളി ചുട്ടി** *(ആൺകുട്ടികൾക്ക് )*
7. **കൂടിയാട്ടം പുരുഷ വേഷം**
8. **കൂടിയാട്ടം സ്ത്രീ വേഷം**
9. **മിഴാവ്** *(ആൺകുട്ടികൾക്ക് )*
10. **തുള്ളൽ** *(ആൺകുട്ടികൾ/പെൺകുട്ടികൾ)*
11. **മൃദംഗം** *(ആൺകുട്ടികൾക്ക് )*
12. **തിമില** *(ആൺകുട്ടികൾക്ക് )*
13. **കർണ്ണാടകസംഗീതം** *(ആൺകുട്ടികൾ/പെൺകുട്ടികൾ)*
14. **മോഹിനിയാട്ടം** *(പെൺകുട്ടികൾക്ക് )*

മോഹിനിയാട്ടത്തിന് എട്ടും (8), മറ്റു വിഷയങ്ങൾക്ക് നാല് (4) സീറ്റ് വീതവുമാണ് ഉള്ളത്. 45% മാർക്കോടുകൂടിയോ സി.ബി.സി.എസ്.എസിൽ **'c+'** (സി പ്ലസ്) ഗ്രേഡോടുകൂടിയോ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ അംഗീകരിച്ച ഡിഗ്രിയോ തത്തുല്ല്യ പരീക്ഷയോ പാസായ 28 വയസ്സിൽ താഴെയുള്ളവർക്ക് അപേക്ഷിക്കാം.അഭിരുചിപരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. മേൽ വിഷയങ്ങൾ ഐഛികമായി ബിരുദമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും.

പൂരിപ്പിച്ച അപേക്ഷയോടൊപ്പം തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ എ.സ്.ബി.ഐ.ശാഖയിൽ **രജിസ്ട്രാർ, കേരള കലാമണ്ഡലം** എന്ന പേരിലുള്ള **30238237798** അക്കൗണ്ട് നമ്പറിലേക്ക് **(IFSC Code SBIN0008029 )** 500/- രൂപ അടവാക്കിയ ഒറിജിനൽ കൗണ്ടർ ഫോയിൽ (account pay-in slip) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അപേക്ഷകർക്ക് 200/- രൂപ അടച്ചാൽ മതിയാകുന്നതാണ്.

അപേക്ഷയും വിശദവിവരങ്ങൾ അടങ്ങിയ പ്രോസ്പെക്ടസ്സും കലാമണ്ഡലം വെബ്സൈറ്റിൽ നിന്ന് (www.kalamandalam.org) 2018 മെയ് 30-ാം തിയതി മുതൽ A3 പേപ്പറിൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തിയ്യതി ജൂൺ 11-ന് ആണ്. ജൂൺ 18, 19 തീയതികളിൽ നടക്കുന്ന അഭിമുഖത്തിന്റ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. 2018 ജൂൺ 28-ന് പ്രവേശനവും ക്ലാസുകളും ആരംഭിക്കുന്നതായിരിക്കും.

പൂരിപ്പിച്ച അപേക്ഷകൾ വയസ്സ്,ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെയും മാർക്ക് ലിസ്റ്റുകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളോടുകൂടി **രജിസ്ട്രാർ, കേരള കലാമണ്ഡലം, വള്ളത്തോൾ നഗർ, തൃശ്ശൂർ ജില്ല – 679 531** എന്ന വിലാസത്തിൽ **2018 ജൂൺ 11–ാം തിയതി 5.00 മണിക്ക്** മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്.

**Sd/-**
**രജിസ്ട്രാർ**
കേരള കലാമണ്ഡലം